**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 833** **17-09-2025 - ൽ മറുപടിയ്ക്ക്**

**ആഗോള അയ്യപ്പ സംഗമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ആഗോള അയ്യപ്പ സംഗമത്തിന്റെ സംഘാടകർ ആരാണെന്നും ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്നും വിശദമാക്കുമോ; | (എ) | ശബരിമലയെ ഒരു ആഗോള തീർത്ഥാടന കേന്ദ്രമായി ഉയർത്തുക, ശബരിമല മുന്നോട്ടു വയ്ക്കുന്ന "തത്ത്വമസി" എന്ന സന്ദേശം ലോകമെമ്പാടും പ്രചരിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് സംഘടിപ്പിക്കുന്നതാണ് ആഗോള അയ്യപ്പ സംഗമം. ശബരിമലയെ ആഗോള തീർത്ഥാടന കേന്ദ്രമായി ഉയർത്തുക, "തത്ത്വമസി" എന്ന സന്ദേശം ലോകമെമ്പാടും പ്രചരിപ്പിക്കുക, വികസന പ്രവർത്തനങ്ങൾ, ഭക്തരുടെ ആവശ്യങ്ങൾ എന്നിവ ചർച്ച ചെയ്യുക, ശബരിമലയെക്കുറിച്ചുള്ള വികസന കാഴ്ചപ്പാടുകൾക്ക് പുതിയ മാനം നൽകുക, അവ ആഗോള തലത്തിൽ എത്തിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് ആഗോള അയ്യപ്പ സംഗമം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | ആഗോള അയ്യപ്പ സംഗമം എന്ന പരിപാടി സംഘടിപ്പിക്കുന്നതിന് എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ആഗോള അയ്യപ്പ സംഗമത്തിനായി 3 മുതൽ 4 കോടി രൂപ വരെ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പരിപാടിയുടെ സ്പോൺസർമാർ ആരെല്ലാമാണെന്നും സ്പോൺസർ തുക എത്രയാണെന്നും വിശദമാക്കുമോ; | (സി) | സ്പോൺസർഷിപ്പ് മുഖേന ഫണ്ട് സമാഹരിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. |
| (ഡി) | പരിപാടിയുടെ നടത്തിപ്പിനായി സർക്കാരോ ദേവസ്വം ബോർഡോ പണം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ